ICDS/A6-6874/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി:27/01/2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കും

സർ,

വിഷയം:വനിതശിശുവികസനവകുപ്പ്- സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കുന്നത്-സംബന്ധിച്ച്.

സൂചന: 30/12/2020ലെ സർക്കാർ കത്ത് നമ്പർ SJD-E2/113/2020-SJD-

കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന സ്കൂൾ കൗൺസിലർമാരുടെ ഒരുവർഷകാലസേവനം അവരുടെ സേവന കാലാവധി തീരുമ്പോൾ അവസാനിപ്പിക്കേണ്ടതും അതിന് ശേഷം അവരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശ വാദം യാതൊരു കാരണവശാലും ഉന്നയിക്കുകയില്ല എന്ന് സത്യവാങ്മൂലം വാങ്ങി 26/02/2016 തീയ്യതിയിലെസ.ഉ(പി)ധന.നമ്പർ 28/2016/ധന, 28/04/2017 തീയ്യതിയിലെ സ.ഉ(പി)ധന.നമ്പർ 56/2017/ധന, 21/07/2018 തീയ്യതിയിലെസ.ഉ(പി)ധന.നമ്പർ 112/2018/ധന, 09/07/2019 തീയ്യതിയിലെസ.ഉ(പി)ധന.നമ്പർ81/2019/ധന എന്നീ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പുതിയനിയമനം നടത്തേണ്ടതാണ്.ഇത്തരം നിയമനത്തിന് നിലവിലെ ജീവനക്കാരെയോ പുതിയ ജീവനക്കാരെയോ ആവശ്യാനുസരണവും യോഗ്യതയ്ക്ക് അനുസരിച്ചും നിലവിലെ ചട്ടങ്ങൾ പ്രകാരവും പരിഗണിക്കാവുന്നതാണ് എന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.സർക്കാർ കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പകർപ്പ്
1)എല്ലാ ജില്ല ശിശുസംരക്ഷണ ഓഫീസർമാർക്കും
(അറിവിലേക്കായ് )
2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
(അറിവിലേക്കായ് )

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്

നമ്പർ.-SJD-E2/113/2020-SJD

30/12/2020, തിരുവനന്തപുരം

സെക്രട്ടറി

ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ് "സൈക്കോ സോഷ്യൽ കൗൺസിലേഴ്സ്" - കരാർ പുതുക്കുന്നത് സംബന്ധിച്ച്

സൂചന:- 10/06/2020 തീയതിയിലെ താങ്കളുടെ നമ്പർ ICDS/A6/6874/2020 കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് മേൽ വിഷയം സംബന്ധിച്ച് ചുവടെ പറയും പ്രകാരം അറിയിക്കുന്നു.

താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനം അവരുടെ സേവന കാലാവധി തീരുമ്പോൾ അവസാനിപ്പിക്കേണ്ടതും അതിന് ശേഷം ആവശ്യമെങ്കിൽ ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം യാതൊരു കാരണവശാലും ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം വാങ്ങി 26/02/2016 തീയതിയിലെ സ . ഉ ( പി ) നം .28/2016/ ധന , 28/04/2017 തീയതിയിലെ സ . ഉ ( പി ) നം .56/2017/ ധന , 21/07/2018 തീയതിയിലെ സ . ഉ . ( പി ) നം . 112/2018/ ധന , 09/07/2019 തീയതിയിലെ സ . ഉ ( പി ) 81/2019/ ധന എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പുതിയ നിയമനം നടത്തേണ്ടതാണെന്നും ഇത്തരം നിയമനത്തിന് നിലവിലെ ജീവനക്കാരെയോ പുതിയ ജീവനക്കാരെയോ ആവശ്യാനുസരണവും യോഗ്യതയ്ക്കനുസരിച്ചും നിലവിലെ ചട്ടങ്ങൾ പ്രകാരവും പരിഗണിക്കാവുന്നതാണെന്നും അറിയിക്കുന്നു .

വിശ്വസ്തതയോടെ,
**SNEHALATHA K**
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.